കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

## 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/831/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ് ജില്ല

തീയതി.17.07.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി/10/831/2017 തീയതി :17.07.2017

# കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2017 മുതൽ 30-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 05.07.2017 മുതൽ 14.07.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | കിഷോർ.എ.ജി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ജെനു കുര്യാക്കോസ് | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | കുഞ്ഞികൃഷ്ണൻ.കെ.സി. | സീനിയർഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഫിലോമിന ജോണി | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.എസ്.എം.കൗസല്യ (അസി.സെക്രട്ടറി) | 01.04.2016 മുതൽ 22.11.2016 വരെ |
| | ശ്രീ.ജോസഫ് .എം. ചാക്കോ | 23.11.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എസ്.എം.കൗസല്ല്യ | 01-04-2016 മുതൽ 31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മോഹനൻ.പി.വി | 01-04-2016 മുതൽ 31-03-2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എ.വി.ഗോപാലകൃഷ്ണൻ | 01-04-2016 മുതൽ 08-11-2016വരെ |
| | ശ്രീ.ദാമോദരൻ.പി | 09-11-2016 മുതൽ 31-03-2017വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.ജോസഫ്.പി.എം | 01-04-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വിനോദിനി.എ | 01-04-2016 മുതൽ 14-10-2016വരെ |
| | ശ്രീ.അതുൽ.ബി.മണപ്പാടൻ | 15-10-2016 മുതൽ 01-02-2016വരെ |
| | ശ്രീമതി.അർച്ചന.യു.എസ് | 02-02-2017 മുതൽ 31-03-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശിഖ മാർവ്വിൻ | 01-04-2016 മുതൽ 19-12-2016വരെ |
| | ശ്രീമതി.സിന്ധു.എ.കെ | 20-12-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ. (ചിറ്റാരിക്കൽ സർക്കിൾ) | ശ്രീ.കെ.ജി.ബിജുകുമാർ | 01-04-2016 മുതൽ 31-03-2017വരെ |
| വി.ഇ.ഒ. (പാലാവയൽ സർക്കിൾ) | ശ്രീമതി.ഷീജ.ഇ.എസ് | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.ഡോ.രാജേഷ് കുമാർ | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യുർവേദം | ശ്രീ.ഡോ.അബ്ദുൾ മുനീർ | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീ.ഡോ.മിഥുൻ രാജ് | 01-04-2016 മുതൽ 22-01-2017വരെ |
| | ശ്രീ.ഡോ.ഷിജിൻ ആളൂർ | 23-01-2017 മുതൽ 07-02-2017വരെ |
| | ഡോ.സുമിൻ മോഹൻ | 08-02-2017 മുതൽ 31-03-2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം വാടക നിശ്ചയിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല | 2-2 |
| 13 | ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-3 |
| 14 | സ്ഥാപന തൊവിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 16 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-6 |
| 17 | വസ്തു നികുതി വൻ കുടിശ്ശിക | 2-7 |
| 18 | തൊഴിൽ നികുതി- ശാരീരിക അവശത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല | 2-8 |
| 19 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-9 |
| 20 | പരസ്യ നികുതി | 2-10 |
| 21 | ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൾ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-11 |
| 22 | കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-12 |
| | ഭാഗം 3 | |
| 20 | പോർട്ടബിൾ ബയോഗ്യാസ് വിതരണ പദ്ധതി- സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും2016-17വർഷം അധികച്ചെലവ് 8.24 ലക്ഷം രൂപ | 3-1 |

| | | |
|---|---|---|
| | | |
| 21 | കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ - സോഫ്റ്റ് വെയർ സ്ഥാപിച്ചതിൽ അപാകതകൾ | 3-2 |
| 22 | കാർഷികമേഖല പദ്ധതികൾ അപര്യാപ്തം | 3-3 |
| 23 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണ പദ്ധതിയിലെ അപാകത | 3-4 |
| 24 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-5 |
| 25 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 26 | 'വാറ്റ് 'ഇനത്തിൽ പിരിച്ച തുക വിതരണക്കാരന് നൽകി | 3-7 |
| 27 | കർഷകർക്ക് പോത്ത്കുട്ടി വിതരണം(പദ്ധതി നം. 81/17) – നിർവഹണത്തിലെ അപാകതകൾ | 3-8 |
| 28 | വെറ്റിനറി സർജൻ പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 29 | കാഷ്ബുക്കിൽ എല്ലാ വിധ വരവ്-ചെലവുകളും ഉൾപ്പെടുത്തുന്നില്ല | 3-10 |
| 30 | പൊതുമരാമത്ത് പ്രവൃത്തികളിലെ ബില്ലുകളിൽ നിന്നും സേവന നികുതി കുറവ് ചെയ്തത് സംബന്ധിച്ച് | 3-11 |
| 31 | മുൻകൂർ തുക സ്ഥാപനത്തിന് നൽകിയിട്ടും മരുന്ന് ലഭിച്ചിട്ടി | 3-12 |
| | ഭാഗം 4 | |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01-03-2016 ഭരണസമിതി തീരുമാനം 49/16 പ്രകാരം അംഗീകരിച്ചിട്ടുണ്ട് , ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 1,06,16,153 |
| വരവ് | 32,15,70,470 |
| ആകെ | 33,21,86,623 |
| ചെലവ് | 31,45,39,082 |
| നീക്കിയിരിപ്പ് | 1,76,47,541 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 27-06-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 05-07-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1) ജല നിധി പദ്ധതിയിനത്തിലുള്ള വരവായി വാർഷിക കണത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ വരവ് വന്ന ശേഷം KRSWSA യിലേയ്ക്ക് തിരികെ പോയ 1,83,45,721 രൂപ കൂടി ഈയിനത്തിലെ വരവിലും ചെലവിലും ഉൾപ്പെടുത്തിക്കാണുന്നു. (വാർഷികക്കണക്ക് പ്രകാരം വരവ് 39662840രൂപയും പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം വരവ് 2,13,17,119രൂപയുമാണ് )

2) വസ്തു നികുതി - ഡിമാന്റ് -കളക്ഷൻ- ബാലൻസ് വിവരങ്ങൾ വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 2,65,61,610രൂപയാണ് . എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക് പ്രകാരം ആകെ ചെലവ് 2,67,51,841രൂപയുമാണ്.

4)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 11,77,570 രൂപയും കളക്ഷൻ11,52,140 രൂപയുമാണ്.എന്നാൽ വാർഷികക്കണക്കിൽ ഡിമാന്റും കളക്ഷനും 11,53,190 രൂപയാണ്. കൂടാതെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

5) വാർഷിക കണക്കിൽ ഗുണഭോക്തൃവിഹിതമിനത്തിൽ കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. വെറ്റിനറി സർജ്ജൻ വാറ്റ് ഇനത്തിൽ ഒടുക്കിയ തുക65,280 രൂപയും ഈയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

6) സ്ഥിര ആസ്ഥികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് പൂർണ്ണമായ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി.നം.2.തിയതി. 10-07-2017 പ്രകാരം അപാകതകൾ സെക്രട്ടറിയെ ധരിപ്പിക്കുകയുണ്ടായി ആയതിന് 13-07-2017 ന് മറുപടി നൽകിയിട്ടുണ്ട് )

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 2,70,39,265 |
| വരവ് | 11,41,43,542 |
| ആകെ | 14,11,82,807 |
| ചെലവ് | 12,15,92,982 |
| നീക്കിയിരിപ്പ് | 1,95,89,825 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,32,49,691 | 1,32,49,691 | 1,29,85,035 | 2,64,656 | 98.00% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 42,47,067 | 42,47,067 | 26,38,836 | 16,08,231 | 62.13% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,40,921 | 2,40,921 | 2,31,096 | 9,825 | 95.92% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,21,36,182 | 1,21,36,182 | 1,18,57,484 | 2,78,698 | 97.70% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 41,44,869 | 41,44,869 | 33,46,843 | 7,98,026 | 80.74% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 74,30,981 | 74,30,981 | 42,10,023 | 32,20,958 | 56.65% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 2,38,91,261 | 2,38,91,261 | 1,53,47,042 | 85,44,219 | 64.23% |
| ബി ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 3,05,06,065 | 3,05,06,065 | 3,05,06,065 | 0 | 100% |
| എം.ജി.എൻ.ആർ.ജി.എസ് (എഫ്.റ്റി.ഒ ഉൾപ്പടെ) | 18,723 | 2,68,15,680 | 2,68,34,403 | 2,67,51,841 | 82,562 | 99.69% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 170 | 123 | 12 | 35 | 91.1% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | കൃഷി ഓഫീസർ | 5 | 11,75,500 | 5 | 7,29,000 | 62% |
| 2 | വെറ്റനറി സർജ്ജൻ | 8 | 64,72,500 | 8 | 44,55,000 | 68.82% |
| 3 | മെഡിക്കൽഓഫീസർ അലോപ്പതി | 7 | 20,57,921 | 6 | 18,10,288 | 88% |
| 4 | മെഡിക്കൽഓഫീസർ ഹോമിയോ | 1 | 4,00,000 | 1 | 4,00,000 | 100% |
| 5 | മെഡിക്കൽഓഫീസർ ആയുർവ്വേദം | 3 | 5,25,000 | 3 | 4,87,985 | 93% |

| | | | | | | |
|---|---|---|---|---|---|---|
| 6 | വി.ഇ.ഒ. | 12 | 46,36,500 | 7 | 24,51,500 | 52.87% |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 35,54,900 | 5 | 27,03,316 | 76.04% |
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 18 | 82,44,941 | 12 | 52,90,371 | View 64.16% |
| 9 | ഹെഡ്മാസ്റ്റർ | 12 | 17,24,645 | 5 | 6,61,595 | 38.36% |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 87 | 8,56,89,242 | 72 | 4,81,41,096 | 56.18% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 39,49,000 | 11 | 25,51,000 | 64.59% |
| | ആകെ | 170 | 11,84,30,149 | 135 | 6,96,81,151 | 58.83% |

n

## 1-7 തനത് വരുമാനം.

തൻവർഷം ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 7.49% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 40,38,985 | 42,00,619 | 1,61,634 | (+)4.00 |
| നികുതിയേതര വരവുകൾ | 4,14,499 | 5,79,454 | 1,64,955 | (+)39.79 |
| മറ്റുള്ളവ | 97,739 | 1,12,163 | 14,424 | (+)14.75 |
| ആകെ | 45,51,223 | 48,92,236 | 3,41,013 | (+)7.49% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,05,960 | 66 |
| കർഷക തൊഴിലാളി പെൻഷൻ | 53,31,280 | 622 |
| വിധവാ പെൻഷൻ | 64,14,740 | 640 |
| വാർദ്ധക്യകാല പെൻഷൻ | 1,55,69,540 | 1436 |
| വികലാംഗ പെൻഷൻ | 27,86,815 | 301 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,77,730 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 04 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-2017 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,507രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-06-2017 | 02/2017 to 05/2017 | 16-06-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 5 /2017 തീയ്യതി-12-07-2017

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 26-11--2011ലെ തീരുമാനം നമ്പർ 7/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 2 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ $m^2$ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | വോഡഫോൺ എസ്സർ സെല്ലൂലർ ലിമിറ്റഡ് | 385 | 13.37 m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |
| 2 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ | 689 | 18.5 m2 | ഒടുക്കിയ വിവരം ലഭ്യമാകേണ്ടതാണ് |

## 2-2 പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം - വാടക നിശ്ചയിച്ചത് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 6/2017 തീയ്യതി-12-07-2017

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം 7,000/- രൂപ പ്രതിമാസ വാടക നിശ്ചയിച്ച് വാടകയ്ക്ക് നൽകുവാൻ പഞ്ചായത്ത് ഭരണ സമിതിയുടെ 10-02-2017 ലെ 8/8-ാം നമ്പർ പ്രകാരം തീരുമാനിക്കുകയും ഇതനുസരിച്ച് ലേല നടപടികൾ പൂർത്തിയാക്കി 01-04-2017 മുതൽ പ്രതിമാസം 10,000/-രൂപ വാടക നിശ്ചയിച്ച് ശ്രീ.മോഹനൻ കോളിയാട്ട് എന്നയാൾക്ക് കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിച്ച്കൊണ്ട് പൊതുമരാമത്ത് അധികൃതർ നൽകുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 8/2017 തീയ്യതി-12-07-2017

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 16 വാർഡുകളിലായി ഡി. & ഒ. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 321 കച്ചവട സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് വരുമാനം 49,950 രൂപയാണ്.എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾപ്രകാരം 1,404 വാണിജ്യകെട്ടിടങ്ങളുണ്ട്. ഈ കണക്കുകൾ അനുസരിച്ച് ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 7/2017 തീയ്യതി-12-07-2017

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | എസ്.ബി.ടി, ചിറ്റാരിക്കാൽ | 2016-17ഒന്നാം അർദ്ധവർഷം |
| 2 | എസ്.ബി.ടി,കടുമേനി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ചിറ്റാരിക്കാൽ വില്ലേജ് വനിതാ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി,ചിറ്റാരിക്കാൽ | 2016-17രണ്ടാം അർദ്ധവർഷം |
| 5 | വ്യാപാര ഭവൻ ഓഡിറ്റോറിയം, ചിറ്റാരിക്കാൽ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 6 | ഇലവുങ്കൽ ഹോസ്പ്പിറ്റൽ,ചിറ്റാരിക്കാൽ | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |
| 7 | ഫ്യൂവൽ കഫേ, ചിറ്റാരിക്കാൽ | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |
| 8 | കെയർ & ക്യൂർ ഹോമിയോ സ്പെഷ്യാലിറ്റി ക്ലിനിക്ക്, ചിറ്റാരിക്കാൽ | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |
| 9 | മലയോര മേഖലാ വനിതാ സഹകരണ സംഘം, ചിറ്റാരിക്കാൽ | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 8/2017 തീയ്യതി-12-07-2017

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് / സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ശ്രീ.മതി.ബിന്ദുമോൾ.എസ്, സീനിയർ ക്ലർക്ക് | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2016-17 ഒന്നാം അർദ്ധവർഷം |
| 2 | ശ്രീ.ഷിന്റോ ജോസ്, ജൂനിയർ ക്ലർക്ക് | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2016-17 ഒന്നാം അർദ്ധവർഷം |
| 3 | ശ്രീ.സോണി.കെ.തോമസ്, അറ്റൻന്റർ | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2016-17 രണ്ടാം അർദ്ധവർഷം |
| 4 | ശ്രീ.സെബാസ്റ്റ്യൻ വർഗ്ഗീസ്, ഡ്രൈവർ | സെന്റ് മേരീസ് ഇ.എം.എച്ച്.എസ്, ചിറ്റാരിക്കാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 5 | ശ്രീ.കുഞ്ഞിക്കണ്ണൻ. പി, ടെലിഫോൺ മെക്കാനിക്ക് | ബി.എസ്.എൻഎൽ,ചിറ്റാരിക്കാൽ & കടുമേനി | 2016-17 രണ്ടാം അർദ്ധവർഷം |
| 6 | ശ്രീ.രാജൻ കെ.വി, ടെലിഫോൺ മെക്കാനിക്ക് | ബി.എസ്.എൻഎൽ,ചിറ്റാരിക്കാൽ & കടുമേനി | 2016-17 രണ്ടാം അർദ്ധവർഷം |
| 7 | ശ്രീ.ജനാർദ്ദനൻ.കെ ടെലിഫോൺ മെക്കാനിക്ക് | ബി.എസ്.എൻഎൽ,ചിറ്റാരിക്കാൽ & കടുമേനി | 2016-17 രണ്ടാം അർദ്ധവർഷം |
| 8 | ശ്രീ.കൃഷ്ണൻ .എം.ടി, | ബി.എസ്.എൻഎൽ,ചിറ്റാരിക്കാൽ & കടുമേനി | 2016-17 രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| | ടെലിഫോൺ മെക്കാനിക്ക് | | |
| 9 | ശ്രീ.ബിനോയ് മത്തായി, ലൈൻമാൻ | കെ.എസ്.ഇ.ബി,നല്ലോംപുഴ | 2016-17 രണ്ടാം അർദ്ധവർഷം |
| 10 | ഇലവുങ്കൽ ഹോസ്പ്പിറ്റൽ,ചിറ്റാരിക്കാൽ മുഴുവൻ ജീവനക്കാരും | ഇലവുങ്കൽ ഹോസ്പ്പിറ്റൽ,ചിറ്റാരിക്കാൽ | 2016-17 ഒന്നും,രണ്ടും അർദ്ധവർഷം |
| 11 | മലയോര മേഖലാ വനിതാ സഹകരണ സംഘം, ചിറ്റാരിക്കാൽ,മുഴുവൻ ജീവനക്കാരും | മലയോര മേഖലാ വനിതാ സഹകരണ സംഘം, ചിറ്റാരിക്കാൽ | 2016-17 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-6 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ഓഡിറ്റ് എൻക്വയറി നം. 12 /2017 തീയ്യതി-14-07-2017

പഞ്ചായത്തിലെ 2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഫയൽ നമ്പർ | പ്ലിന്ത് ഏരിയ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| ശ്രീ.സജി പുതുപ്പള്ളിയേൽ | BL 3/16-17 | G.F-135.12 m2 F.F-9.98 m2 porch-16.66m2 == 161.76m2 (Residential) | 486 | 438 | 48 |
| ശ്രീ.തോമസ്സാത്യൂ & ഷേർളി മാത്യൂ, മുരിങ്ങയിൽഹൗസ് | BL 22/16-17 | Existing-140.m2 F.F-114. m2 == 254..m2 (Residential) | 762 | 342 | 420 |
| ശ്രീ.മതി.ലിൻസി, വങ്കരു ചെമ്പൻകരയിൽ ,ഹൗസ് | BL 31/16-17 | G.F-119.88 m2 F.F-9.46 m2 porch-11.48m2 == | 423 | 403 | 20 |

| | | | | | |
|---|---|---|---|---|---|
| | | 140.82.m2<br>(Residential) | | | |
| ശ്രീ.ആന്റണി ഈപ്പൻ,മാത്രർ ഹൗസ് | BL 41/16-17 | G.F-112.27 m2<br>F.F-79.65 m2<br>porch-15.12m2<br>==<br>207.04.m2<br>(Residential) | 624 | 240 | 384 |
| | | | ആകെ | | 872 |

കുറവ് വന്ന 872/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-7 വസ്തു നികുതി വൻ കുടിശ്ശിക

31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 7,97,962/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 2,72,727 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2016-17 വർഷത്തെ വസ്തുനികുതി വരുമാനം 28,67,658 രൂപയാണെങ്കിലും 21,08,402 രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-73.%).വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-8 തൊഴിൽ നികുതി-ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 8/2017 തീയ്യതി-12-07-2017

2016-17 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുകയുണ്ടായി. എന്നാൽ ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം ചേർത്തു വെച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരുംതസ്തികയും | സ്ഥാപനം | നികുതിഅടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | ശ്രീ.സുജേഷ് ബാബു.സി.എം<br>പാർട്ട് ടൈം ലൈബ്രേറിയൻ | ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 2016-17ഒന്നും,രണ്ടും അർദ്ധ വർഷം |
| 2 | ശ്രീ.ബാലകൃഷ്ണൻ.സി.വി<br>പ്യൂൺ | കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്<br>ചിറ്റാരിക്കാൽ | 2016-17ഒന്നും,രണ്ടും അർദ്ധ വർഷം |
| 3 | ശ്രീ.നോബി അഗസ്റ്റ്യൻ<br>ക്ലർക്ക് | എസ്.ബി.ടി.ചിറ്റാരിക്കാൽ | 2016-17ഒന്നും,രണ്ടും അർദ്ധ വർഷം |

| | | | |
|---|---|---|---|
| 4 | ശ്രീമതി.കൗസല്യ എസ്.എസ്.എ. എസ് | ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 2016-17ഒന്നും,രണ്ടും അർദ്ധ വർഷം |

ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- സംബന്ധിച്ച് .

ഓഡിറ്റ് എൻക്വയറി നം. 8/2017 തീയ്യതി-12-07-2017

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും,തസ്തികയും | സ്ഥാപനം | ആകെ അർദ്ധവർഷത്തെ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|
| ശ്രീ.ജോസി ജോസ്. പി.ടി.എസ് | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,ചിറ്റാരിക്കാൽ | 77,238 | 750 | 600 | 150 | 11601103420 തീ:23-02-17 |
| ആകെ | | | | | 150 | |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന 150/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 പരസ്യനികുതി

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്താവുന്നതാണ്. 209(ഡി) വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്തുന്നതിനുള്ള അവകാശം കുത്തകയ്ക്ക് നൽകാവുന്നതാണ്. പരസ്യനികുതി സംബന്ധിച്ച മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18-05-05 ലെ സി-5-15253/2004 ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്ഷീരോല്പാദന മേഖലയിൽ പഞ്ചായത്ത് പ്രദേശത്ത് 9 -ഓളം ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ഈ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലോ, ഡി. & ഒ. ലൈസൻസ് രജിസ്റ്ററിലോ ഈ സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ | ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പേര് |
|---|---|

| നമ്പർ | |
|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം,ചിറ്റാരിക്കാൽ |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം,മണ്ഡപം |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം,കമ്പല്ലൂർ |
| 4 | ക്ഷീരോല്പാദക സഹകരണ സംഘം,പാറക്കടവ് |
| 5 | ക്ഷീരോല്പാദക സഹകരണ സംഘം,പാലാവയൽ |
| 6 | ക്ഷീരോല്പാദക സഹകരണ സംഘം,അരിയിരുത്തി |
| 7 | ക്ഷീരോല്പാദക സഹകരണ സംഘം,ചാവറഗിരി |
| 8 | ക്ഷീരോല്പാദക സഹകരണ സംഘം,കാവുംന്തല |
| 9 | ക്ഷീരോല്പാദക സഹകരണ സംഘം,തയ്യേനി |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് റിക്വസിഷൻ -1/05-07-2017)

## 2-12 'ഇ-ടെണ്ടർ' -ബിഡ് സമർപ്പണ ഫീസ് തിരികെ നൽകിയിട്ടില്ല

2015-16,2016-17 വർഷങ്ങളിൽ ഇ ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല.ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,കാസറഗോഡിന്റെ അക്കൗണ്ടിലാണുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2015-16

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക(₹) | ടെണ്ടർഫോറം വില(₹) | കരാറുകാരുടെ എണ്ണം | ആകെ തുക (₹) |
|---|---|---|---|---|---|
| 1 | കടുമേനി-പട്ടേങ്ങാനം-കരിമുണ്ടക്കയം റോഡ് റീടാറിങ് | 7,00,000 | 1400 | 3 | 4,200 |
| 2 | കൊല്ലാട- ചെറുകുറ്റപ്പ റോഡ് ടാറിങ് | 5,00,000 | 1000 | 2 | 2,000 |
| 3 | മല്ലക്കുന്ന്-കുരുത്തോലവയൽ റോഡ് ടാറിങ് | 5,00,000 | 1000 | 3 | 3,000 |
| 4 | ഗോക്കടവ്-കാര റോഡ് ടാറിങ് | 5,00,000 | 1000 | 3 | 3,000 |
| 5 | ഇരുപത്തിയഞ്ച്-കുരുത്തോലവയൽ കലുങ്ക് നിർമ്മാണം | 6,00,000 | 1200 | 2 | 2,400 |
| 6 | കണ്ണിവയൽ യു.പി.സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം | 10,00,000 | 2000 | 3 | 6,000 |
| 7 | പുതിയ പഞ്ചായത്ത് ഓഫീസിന് ഡ്രയിനേജും പാർശ്വഭിത്തി നിർമ്മാണവും | 7,00,000 | 1400 | 1 | 1,400 |
| 8 | കണ്ണിവയൽ-മേരിഗിരി റോഡ് ടാറിങ് | 5,00,000 | 1000 | 1 | 1,000 |
| 9 | കാവുന്തല-വടക്കേമലറോഡ് ടാറിങ് | 6,00,000 | 1200 | 1 | 1,200 |

| | | | | | |
|---|---|---|---|---|---|
| 10 | വിവിധഅംഗൻവാടി-മെയിന്റനൻസ് | 8,36,691 | 1700 | 1 | 1,700 |
| 11 | താഴെക്കുണ്ടാരം-മുക്കട റോഡ് ടാറിങ് | 34,30,000 | 2500 | 2 | 5,000 |
| 12 | മേലെക്കുണ്ടാരം-ചേറങ്കല്ല് റോഡ് ടാറിങ് | 57,70,000 | 2500 | 2 | 5,000 |
| 13 | സർക്കാരി കോളനിയിൽ അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 25,00,000 | 2500 | 2 | 5,000 |
| | | | | | 40,900 |

2016-17

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക(₹) | ടെണ്ടർഫോറം വില(₹) | കരാറുകാരുടെ എണ്ണം | ആകെ തുക (₹) |
|---|---|---|---|---|---|
| 1 | ഗോക്കടവ്-വെള്ളട്ടക്കം റോഡ് റീടാറിങ് | 7,00,000 | 1,400 | 2 | 2,800 |
| 2 | പൊങ്കൽ-അരിയിരുത്തി റോഡ് റീടാറിങ് | 7,00,000 | 1,400 | 2 | 2,800 |
| 3 | നിരത്തുംതട്ട്-കണ്ണിവയൽ റോഡ് റീടാറിങ് | 6,00,000 | 1,200 | 2 | 2,400 |
| 4 | കമ്പല്ലൂർ അമ്പലം-ബെഡൂർ റോഡ് മെയിന്റനൻസ്, കൾവർട്ട് അറ്റകുറ്റപ്പണിയും | 7,00,000 | 1,400 | 2 | 2,800 |
| 5 | ചിറ്റാരിക്കാൽ ബസ് സ്റ്റാന്റ് & ഷോപ്പിങ് കോംപ്ലക്സിന് പാർക്കിങ്ഏരിയനിർമ്മാണം | 10,02,000 | 2,500 | 2 | 5,000 |
| 6 | കട്ടമേനി-ഗോക്കടവ് റോഡ് ടാറിങ് | 7,00,000 | 1,400 | 2 | 2,800 |
| 7 | നിരത്തും തട്ട്-മലാംകടവ് റോഡ് റീടാറിങ് | 6,14,487 | 1,250 | 2 | 2,500 |
| 8 | തയ്യേനി കോൺവെന്റ് റോഡ് ടാറിങ് | 5,65,100 | 1,200 | 2 | 2,400 |
| 9 | ചിറ്റാരിക്കാൽ പി.എച്ച്.സി. ക്ക് ചുറ്റുമതിൽ നിർമ്മാണം | 10,50,000 | 2,500 | 2 | 5,000 |
| 10 | പാലച്ചാൽ തട്ട്-പുതിയകണ്ടം റോഡ് ടാറിങ് | 15,69,825 | 2,500 | 2 | 5,000 |
| 11 | ഗോക്കടവ്-ഉദയപുരം റോഡ് മെയിന്റനൻസ് | 8,50,000 | 1,700 | 2 | 3,400 |
| 12 | പാലച്ചാൽ തട്ട്-കാവുന്തല റോഡ് റീടാറിങ് | 6,00,000 | 1,200 | 2 | 2,400 |
| 13 | കോട്ടണഅഗിരി-ഏണിച്ചാൽ റോഡ് ടാറിങ് | 6,00,000 | 1,200 | 2 | 2,400 |
| 14 | നല്ലോമ്പുഴ ഈസ്റ്റ് റോഡ് ടാറിങ് | 6,00,000 | 1,200 | 2 | 2,400 |

| | | | | | |
|---|---|---|---|---|---|
| 15 | മുനയംകുന്ന് സ്കൂൾ- മുനയംകുന്ന് സ്മാരകം റോഡ് ടാറിങ് | 7,00,000 | 1,400 | 2 | 2,800 |
| 16 | കമ്പല്ലൂർ-ചെറുകുറുപ്പ-കൊല്ലാട റോഡ് ടാറിങ് | 5,00,000 | 1,000 | 3 | 3,000 |
| 17 | ചിറ്റാരിക്കാൽ കിഴക്ക് ഭാഗം റോഡ് ടാറിങ് | 8,00,000 | 1,600 | 2 | 3,200 |
| 18 | ചേറങ്കല്ല്-കുളിനീർ റോഡ് മെയിന്റനൻസ് | 14,00,000 | 2,500 | 2 | 5,000 |
| 19 | നിരത്തുംതട്ട്-ഏണിച്ചാൽ റോഡ് റീടാറിങ് | 8,00,0002 | 1,600 | 2 | 3,200 |
| 20 | വൈസ് നിവാസ്-കുരുത്തോലവയൽ-ഇരുപത്തിയഞ്ച് റോഡ് ടാറിങ് | 43,72,000 | 2,500 | 3 | 7,500 |
| 21 | കട്ടമേനി-വെണ്ണിയേക്കര-അരിമ്പ റോഡ് ടാറിങ് | 51,52,000 | 2,500 | 3 | 7,500 |
| 22 | കാവുന്തല-ഒറ്റക്കുഴി- തയ്യേനി റോഡ് ടാറിങ് | 39,76,000 | 2,500 | 2 | 5,000 |
| 23 | ചാവറഗിരി-മെയ്യാൽ റോഡ് ടാറിങ് | 25,76,774 | 2,500 | 2 | 5,000 |
| | | | | | 86,300 |

മേൽ തുക പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പോർട്ടബിൾ ബയോഗ്യാസ് വിതരണ പദ്ധതി- സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും2016-17വർഷം അധികച്ചെലവ് 8.24 ലക്ഷം രൂപ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.) 4/2016ത.സ്വ.ഭ.വ. തിയതി 11.01.2016 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25%സബ്സിഡി അനുവദിക്കാം. അവശേഷിച്ച 50% തുക ശുചിത്വമിഷനും 25% തുക ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. 2016-17 വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം. 123/16-17പ്രകാരം 194 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾക്കായി (യൂണിറ്റ് കോസ്റ്റ് 8,500) ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 12,36,750രൂപയും (ട്രഷറി ബിൽനം.13/31-03-2017) ഗുണഭോക്തൃവിഹിതമിനത്തിൽ 4,12,250രൂപയും (ആകെ 16,49,000 രൂപ )റെയ്ഡ്കോയ്ക്ക് നല്കിയിട്ടുണ്ട്. സംസ്ഥാന ശുചിത്വ മിഷൻ വിഹിതം കൂടി ഗ്രാമ പഞ്ചായത്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം മേൽ പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്തിന് പരമാവധി ചെലവഴിക്കുവാൻ സാധിക്കാമായിരുന്ന തുക 4,12,250 രൂപയാണ് . അനുവദനീയമായതിലും അധികം സബ്സിഡി അനുവദിച്ചത് മൂലം വികസന ഫണ്ടിൽ നിന്നും 8,24,500 രൂപ 2016-17 വർഷം അധികച്ചെലവുണ്ടായിട്ടുണ്ട്.

ആദ്യം തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം 850 ഗുണഭോക്താക്കൾക്കായി ആകെ 77.25 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചത്.എന്നാൽ ജില്ലാ ശുചിത്വമിഷനിൽ നിന്നും ഈ പദ്ധതിയ്ക്ക് അനുമതി ലഭിക്കുകയുണ്ടായില്ല. പകരം 230 യൂണിറ്റുകൾക്കായി 19.55 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് ശുചിത്വ മിഷൻ

ജില്ലാ കോ- ഓർഡിനേറ്ററുടെ No.01-2017-18/dsm/ksd/ 28.01.2017നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. (യൂണിറ്റ് കോസ്റ്റ് 8,500,ശുചിത്വ മിഷൻ വിഹിതം 9,77,500, ഗ്രാമ പഞ്ചായത്ത് വിഹിതം 4,88,750, ഗുണഭോക്തൃ വിഹിതം 4,88,750.). എന്നാൽ ഈ നിർദ്ദേശം അംഗീകരിക്കാതെ ഗുണഭോക്താക്കളുടെ എണ്ണം 284 ആയി നിജപ്പെടുത്തി ശുചിത്വ മിഷൻ വിഹിതം കൂടി ഗ്രാമ പഞ്ചായത്ത് വഹിക്കുവാൻ തീരുമാനിക്കുകയും, ഇതിൻപ്രകാരം ആകെ അടങ്കൽ 24,14,000 ആയി പ്രൊജക്ട് ഭേദഗതി ചെയ്യുവാൻ ഭരണ സമിതി തീരുമാനിക്കുകയും ചെയ്തു. (തീരുമാനം നം.3/3 തിയതി 10.02.2017). പദ്ധതി പ്രകാരം 194പേർക്ക് 2016-17 വർഷവും 100 പേർക്ക് 2017-18 വർഷവും പ്ലാന്റ് (സ്പിൽ ഓവർ) അനുവദിക്കുകയുണ്ടായി. ഇരു വർഷങ്ങളിലുമായി പദ്ധതിയ്ക്കായി പഞ്ചായത്ത് വിഹിതമായി 18,10,500 രൂപ വിനിയോഗിക്കുകയുണ്ടായി.(2016-17വർഷം 12,36,750രൂപയും 2017-18 വർഷം 5,73,750രൂപയും). സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച യഥാർത്ഥത്തിൽ ചെലവഴിക്കേണ്ടിയിരുന്നതുക 2016-17 വർഷം 4,12,250 രൂപയും 2017-18 വർഷം 1,91,250രൂപയുമായിരുന്നു.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി.നം.3 തിയതി. 10-07-2017 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനോട് ആരാഞ്ഞതിന് നൽകിയ മറുപടിയിൽ പദ്ധതിമാർഗ്ഗരേഖപ്രകാരം മാലിന്യ സംസ്കരണം, ശുചിത്വം മേഖലകളിൽ നിർബന്ധിതമായി പത്ത് ശതമാനം തുക വകയിരുത്തേണ്ടിയിരുന്നുവെന്നും, ആദ്യം രൂപീകരിച്ച പദ്ധതിയ്ക്ക് ശുചിത്വ മിഷൻ അനുമതി നിഷേധിച്ചതിനാലും, പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന ധനകാര്യക്കമ്മീഷൻ ഗ്രാന്റ് സാമ്പത്തിക വർഷാവസാനം മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കുവാൻ സാധിക്കാതിരുന്നതിനാലും ഭരണ സമിതി തീരുമാന പ്രകാരവുമാണ് മേൽപ്രകാരം ശുചിത്വ മിഷൻ വിഹിതം കൂടി വികസനഫണ്ടിൽ നിന്നും വഹിക്കേണ്ടിവന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി.

നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ശരിയായ നടപടിക്രമമല്ല. ഇക്കാര്യം പരിശോധിച്ച് പദ്ധതി ഭേദഗതി വരുത്തി നടപ്പാക്കിയ വിവരം ജില്ലാ ശുചിത്വ മിഷനെ ധരിപ്പിച്ച് ഗ്രാമ പഞ്ചായത്തിന് അർഹമായ സബ്സിഡി വിഹിതം നേടിയെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സബസിഡി മാർഗ്ഗരേഖ ലംഘിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണ ഉത്തരവ് ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 2016-17 വർഷം പദ്ധതിയ്ക്കായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും നടത്തിയ 12,36,750രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ -സോഫ്റ്റ് വെയർ സ്ഥാപിച്ചതിന് അധിക നിരക്ക് നൽകി

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ -2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നം. 135/17 (കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ) പ്രകാരം 1,28,000.( ട്രഷറി ബിൽ.നം. 7തിയതി 31-03-2017 ) മെയിന്റനൻസ് ഫണ്ടിൽ നിന്നും (നോൺ റോഡ്) ചെലവഴിച്ച് കൃഷി ഓഫീസിലേയ്ക്ക് രണ്ട് വീതം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ,പ്രിന്റർ,സ്കാനർ, ഓപ്പറേറ്റിങ്ങ് സോഫ്റ്റ് വെയർ എന്നിവ വാങ്ങിയിട്ടുണ്ട്. ടെണ്ടർനടപടികളിലൂടെയാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലേൺ സിസ്റ്റംസ് ചെറുപുഴ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി മേൽ ഉപകരണങ്ങൾ വങ്ങുകയുണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിന് (Windows 10 (home)) ഒന്നിന് 15,600 രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി. എന്നാൽ വിൻഡോസ് സ്റ്റോർ വെബ്സൈറ്റിൽ Windows 10 (home)ന്റെ വില 8,000 രൂപയും Windows 10 Proയുടെ വില 15,000 രൂപയെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് . വിലയിലുള്ള അന്തരം സാങ്കേതിക വിദഗ്ദരെ നിയോഗിച്ച് പരിശോധിപ്പിച്ച് തുക ഈടാക്കിയതിൽ പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത സ്ഥാപനവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം. 4/-തിയതി 11.07.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ, ഇക്കാര്യം ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ചിട്ടുണ്ടെന്നും Windows 10 Pro തന്നെ ഇൻസ്റ്റാൾ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

അപാകത പരിഹരിച്ച് ഐ.കെ.എം. സാങ്കേതിക വിദഗ്ദരുടെ സാക്ഷ്യപ്പെടുത്തലുകൾ സഹിതം മറുപടി

ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 1,28,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കാർഷിക മേഖല – പദ്ധതികൾ അപര്യാപ്തം

കേരളത്തിന് കൈമോശം വന്ന കാർഷിക സമൃദ്ധി തിരിച്ച് പിടിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അതി പ്രധാനമായ പങ്ക് വഹിക്കുവാൻ സാധിക്കും. പ്രാദേശിക ഭൂപ്രകൃതി, വിളകൾ, കൃഷിരീതികൾ എന്നിവയ്ക്കനുസൃതമായി വിഭവസ്രോതസ്സുകൾ സമന്വയിപ്പിച്ച് കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് കഴിയുക. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖയിൽ, ഭക്ഷ്യധാന്യങ്ങൾ, കിഴങ്ങ് വർഗ്ഗവിളകൾ, പഴവർഗ്ഗ വിളകൾ, പച്ചക്കറികൾ എന്നിവയുടെ ജൈവകൃഷി പ്രോത്സാഹനത്തിനും ഭക്ഷ്യവിളകളുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പദ്ധതികൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കൃഷി - അനുബന്ധ മേഖലകളെ ആശ്രയിച്ച് ജീവിക്കുന്നവരാണ് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്.11.84 കോടി രൂപ അടങ്കലുള്ള 2016-17വാർഷിക പദ്ധതിയിൽ 11.75 ലക്ഷം രൂപയുടെ (ഒരു ശതമാനത്തോളം) പദ്ധതികൾ മാത്രമാണ് കാർഷിക മേഖലയ്ക്കായി രൂപീകരിച്ചത് .അഞ്ച് പദ്ധതികളിലായി 7.29 ലക്ഷം രൂപ ഈ വർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിലും 1.60ലക്ഷം രൂപ മാത്രമാണ് വ്യക്തിഗത ആനുകൂല്യ വിതരണ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. പശ്ചിമ ഘട്ട വികസന പദ്ധതിയ്ക്കായി വിഹിതം നൽകുന്നതിനായി രണ്ട് പദ്ധതികളും, കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി രണ്ട് പദ്ധതികളുമാണ് തൻവർഷം നടപ്പാക്കിയ മറ്റ് പദ്ധതികൾ.

റബ്ബർ,തെങ്ങ്,കവുങ്ങ്,കുരുമുളക് ഉടങ്ങിയ നാണ്യവിളകളും ഇടവിളകളായി ചേന,ചേമ്പ്,കപ്പ ഉടങ്ങിയ കിഴങ്ങ് വർഗ്ഗ വിളകളും, ഗ്രാമ പഞ്ചായത്തിൽ കൃഷി ചെയ്ത് വരുന്നു. വാഴയിനങ്ങളും, പച്ചക്കറി ഇനങ്ങളും ഇതിനു പുറമേ കൃഷിചെയ്തു വരുന്നുണ്ട്. എന്നാൽ നാണ്യവിളകളുടെ വിലയിലുള്ള അസ്ഥിരത, രോഗ കീടബാധകൾമൂലമുള്ള വിള നാശം എന്നിവമൂലം കർഷകർ മറ്റു മേഖലകളിലേയ്ക്ക് ചുവടുമാറ്റുന്ന സാഹചര്യമാണിന്നുള്ളത്. കർഷകരെ കാർഷിക മേഖലയിൽ പിടിച്ച് നിർത്തുന്നതിനും, ഏകവിള സമ്പ്രദായത്തിന് പകരം മിശ്രവിള സമ്പ്രദായത്തിലേയ്ക്ക് നയിക്കുവാനും, ഭക്ഷ്യസുരക്ഷകൂടി ലക്ഷ്യമിട്ട് പച്ചക്കറി -കിഴങ്ങ് വർഗ്ഗ വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിക്കുമായിരുന്നുവെങ്കിലും , ഈ മേഖലയിൽ കാര്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഓരോയിനം കാർഷിക വിളകളെയും കുറിച്ച് പ്രത്യേകം പഠിച്ച് ബന്ധപ്പെട്ട മേഖലകളിലെ പ്രശ്നങ്ങളും സാദ്ധ്യതകളും വിലയിരുത്തി, ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിച്ചാൽ ഗ്രാമ പഞ്ചായത്തിലെ കാർഷികമേഖലയിൽ മാറ്റങ്ങൾ ഉണ്ടാകും. ഇക്കാര്യത്തിൽ ഭരണസമിതി കർഷകരോടൊപ്പം മുന്നിട്ടിറങ്ങേണ്ടതാണ്.

## 3-4 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണ പദ്ധതിയിലെ അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ.

2016-17 സാമ്പത്തിക വർഷത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി ( പ്രൊജക്ട് നമ്പർ -SO.06/17) ട്രഷറി ബിൽ നമ്പർ 04/16-17 തീയ്യതി 31-03-17 പ്രകാരം വികസന ഫണ്ടിൽ നിന്നും 2,48,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ലേൺ സിസ്റ്റംസ് ചെറുപുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്കൊണ്ട് ഇൻവോയ്സ് നമ്പർ 1817/20-03-2017 പ്രകാരം ACER കമ്പനിയുടെ ( LAPTOP ACER ESI-531(CDC/4/500/LNX) 10 ലാപ്ടോപ്പാണ് വാങ്ങിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ ലാപ്ടോപ്പ് ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

2) ലേൺ സിസ്റ്റംസ് ചെറുപുഴയുടെ 19-10-2016 ലെ ക്വോട്ടേഷൻ പ്രകാരം ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ( ACER LAPTOP (pentium Quard core Intel Processor,4GB Ram,500 GB,H.D.D,DVD R/W,wifi) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഇൻവോയ്സിൽ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയത് ( LAPTOP ACER ESI-531(CDC/4/500/LNX) ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) പദ്ധതിയുടെ ഗുണഭോക്താക്കളായ 10പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകളും, പദ്ധതി അനുവദിക്കുന്നതിനുവേണ്ട ആവശ്യമായ രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|
| 1 | സജിത്പി.കെ,പാപ്പിനിവീട്ടിൽ | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 2 | അജിത.വി.സി, വില്ല്യാട്ട് | പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 3 | രമ്യ ബാലൻ, മുത്തേട്ടത്ത് | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ,<br>ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രസീതി |
| 4 | രജിൻ രവി, പാപ്പിനിവീട്ടിൽ | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 5 | രാധികടി.വി,പെട്ടക്കത്ത് വീട്ടിൽ | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് |

| | | |
|---|---|---|
| | | ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 6 | റെനീഷ് ,പുളിയക്കാടൻ | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 7 | കുഞ്ഞികൃഷ്ണൻ,പി.പി,പാപ്പിനി വീട്ടിൽ | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 8 | അരുൺ ദാമോദരൻ, കുറുവാട്ട് | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 9 | ശ്രീജിത്ത്, ഒ.എസ് | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക ജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |
| 10 | ശ്രുതി സജി | വരുമാനസർട്ടിഫിക്കറ്റ്, പട്ടിക ജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖ |

ഇക്കാര്യം ഓഡിറ്റിൽ എൻക്വയറി നമ്പർ 10 തീയ്യതി 12-07-2017 പ്രകാരം ഹെഡ്മാസ്റ്ററോട് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 2,48,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകളും,വിശദീകരണവും ലഭ്യമാക്കുവാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-5 <u>ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക്</u>

വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ 31 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം രുചി ന്യൂട്രിമിക്സ് യൂണിറ്റ് കാട്ടിപ്പൊയിൽ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 5,600/- കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 3,13,600/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 11/12-07-2017 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ചെന്നൈയിലെ ഫുഡ് ആന്റ് ന്യൂട്രിഷൻ ബോർഡിന്റെ കീഴിലുള്ള ലബോറട്ടറിയിൽ നിന്നുമാണ് ഇതിന്റെ ആവശ്യത്തിലേക്കായി ന്യൂട്രിമിക്സ് സാമ്പിൾ അയച്ചിട്ടുണ്ട്, ആയതിന്റെ റിസൾട്ട് ഇതുവരെയും ലഭ്യമായിട്ടില്ല ആയത് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പരിശോധനാറിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 23,25,000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 09/17 PMAY ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 13/31-01-2017 | 8,60,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചാ യത്ത്, പരപ്പ |
| 2 | അസി. സെക്രട്ടറി | 7/17PMAY ഗ്രാമ പഞ്ചായത്ത് വിഹി തം നൽകൽ (S.T.) | 3/13-02-2017 | 2,62,500 | സെക്രട്ടറി, ബ്ലോക്ക് പഞ്ചാ യത്ത്, പരപ്പ |
| 3 | അസി. സെക്രട്ടറി | 7/17PMAY ഗ്രാമ പഞ്ചായത്ത് വിഹി തം നൽകൽ (S.T.) | Ch.No.1005638/ 27-01-17 | 25,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 4 | അസി. സെക്രട്ടറി | 7/17PMAY ഗ്രാമ പഞ്ചായത്ത് വിഹി തം നൽകൽ (S.T.) | Ch.No.1005648/ 27-01-17 | 7,500 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 5 | അസി. സെക്രട്ടറി | 7/17PMAY ഗ്രാമ പഞ്ചായത്ത് വിഹി തം നൽകൽ (S.T.) | 11/28-03-17 | 2,80,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 6 | അസി. സെക്രട്ടറി | 168/17 IAY ഗ്രാമ പഞ്ചായത്ത് വിഹി തം നൽകൽ (S.T.) | 4/13-02-2017 | 3,90,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പരപ്പ |
| 7 | വെറ്ററിനറി സർജ്ജൻ | 76/17 SLBPപദ്ധതി പഞ്ചായത്ത് വിഹിതം | ബിൽ.നം. 180167/ 17-02-2017 | 5,00,000 | മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ | 23,25,000 | |

## 3-7 'വാറ്റ് 'ഇനത്തിൽ പിരിച്ച തുക വിതരണക്കാരന് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പദ്ധതി - വനിതകൾക്ക് മുട്ടക്കോഴി വിതരണം (നം .74/17)

തുക(വികസന ഫണ്ട്) - ₹ 3,20,000 /- ; ബിൽ നം. - 180199 ; തിയതി : 02.03.17

ഗുണഭോക്തൃവിഹിതം - ₹ 1,28,000 /-

പദ്ധതിയനുസരിച്ച് 640 ഗുണഭോക്താക്കൾക്ക് ഏഴ് മുട്ടക്കോഴികളെ വീതം വിതരണം ചെയ്യുകയുണ്ടായി. ഒരു മുട്ടക്കോഴിയുടെ വില ₹ 100 + 14.5% വാറ്റ് ആണ് (₹ 114.50). ഒരു ഗുണഭോക്താവിന് ഏഴ് കോഴികൾക്കായി ₹ 801.50/- രൂപയാണ് ചെലവ്. ഇതിൽ ₹ 500/- ധനസഹായമായും, ₹ 301.50/- ഗുണഭോക്തൃവിഹിതമായും നിർണ്ണയിക്കുകയുണ്ടായി. ഗുണഭോക്താക്കളിൽ നിന്നും, കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം കണക്കാക്കി ₹ 302/- വീതമാണ് ശേഖരിച്ചത്(₹ 1,93,280/-). ഒരു കോഴിക്ക് ₹100/-വച്ച്, ആകെ 4,480 കോഴികളുടെ വില₹ 4,48,000/- രൂപയും, നികുതിയിനത്തിൽ(വാറ്റ്) ₹ 64,960/- ചേർത്ത് ആകെ ₹ 5,12,960/- രൂപയുമാണുണ്ടാവുക. ഗുണഭോക്തൃവിഹിതമായി ₹302/-പിരിച്ചതിനാൽ, 640 ഗുണഭോക്താക്കളിൽ നിന്നുമായി ₹ 320/- അധികമായി ശേഖരിക്കുകയുണ്ടായി. അങ്ങനെ ആകെ തുക ₹ 5,13,280/-.

പദ്ധതി വിഹിതമായ ₹ 3,20,000 /- രൂപയും, ഗുണഭോക്തൃവിഹിതമായ ₹ 1,93,280/-രൂപയും കൂടി ആകെ ₹ 5,13,280/- വിതരണക്കാരായ സെന്റ്.മേരീസ് എഗ്ഗർ നേഴ്സറി, ചിറ്റാരിക്കാൽ എന്ന സ്ഥാപനത്തിന് നൽകുകയാണുണ്ടായത് (കാനറ ബാങ്ക്, ചിറ്റാരിക്കാൽ ശാഖയിൽ വെറ്റിനറി സർജന്റെ പേരിലുള്ള അക്കൗണ്ട് നം - 0737101017479 ലെ ചെക്ക് നം. - 476013 /25.03.17 പ്രകാരം ₹ 1,28,000/- രൂപയും, ചെക്ക് നം. - 476014 /25.03.17 പ്രകാരം ₹ 65,280/- രൂപയും നൽകിയിട്ടുണ്ട്). എന്നാൽ ₹ 4,48,000/-മാത്രമാണ് ഇവർക്ക് നൽകേണ്ടിയിരുന്നത്. നികുതി തുക (വാറ്റ്) ₹ 64,960/- നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഗവണ്മെന്റിലേക്കാണ് അടക്കേണ്ടിയിരുന്നത്.

അതിനാൽ വിതരണക്കാരായ സെന്റ്.മേരീസ് എഗ്ഗർ നേഴ്സറി, ചിറ്റാരിക്കാൽ എന്ന സ്ഥാപനം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ നടത്തിയ ഇടപാടിൻമേൽ, നികുതി തുക (വാറ്റ്) കൃത്യമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വിധേയമായി ₹ 64,960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ വിതരണക്കാരന് അധികമായി നൽകിയ ₹ 320/- തിരികെ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി - 13 (തിയതി: 14.07.17))

## 3-8 കർഷകർക്ക് പോത്ത്കുട്ടി വിതരണം(പദ്ധതി നം .81/17) - നിർവഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

തുക(വികസന ഫണ്ട്) - ₹ 4,00,000 /- ; ബിൽ നം. - 180173 ; തിയതി : 07.02.17

ഗുണഭോക്തൃവിഹിതം* - ₹ 4,00,000 /- ;

(*ചെക്ക് നം. - 476012 /25.03.17 പ്രകാരം ₹ 3,70,000/- രൂപ

ചെക്ക് നം. - 476018 /30.03.17പ്രകാരം ₹ 30,000/- രൂപ )

തെരഞ്ഞെടുക്കപ്പെട്ട 80 ഗുണഭോക്താക്കൾക്ക് ഏകദേശം ഒരു വയസ്സ് പ്രായമുള്ളതും രോഗങ്ങളോ മറ്റോ ഇല്ലായെന്ന് ഉറപ്പുവരുത്തിയതുമായ പോത്ത്കുട്ടിയെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പോത്ത്കുട്ടികളെ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, മഞ്ഞാടി, വയനാട് എന്ന സ്ഥാപനമാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ പദ്ധതി നിർവഹണം ചെയ്തതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത പോത്തുകുട്ടികളുടെ തൂക്കവും ആനുപാതികമായ

വിലയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വെറ്റിനറി സർജനും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും തമ്മിൽ ഒപ്പു വച്ച കരാറിലെ ( തിയതി - 08 .07.16 ) ഒന്നാമത്തെ നിബന്ധന പ്രകാരം വിതരണം ചെയ്യുന്ന പോത്തുകുട്ടികളെ ജീവനോടെ തൂക്കി, തൂക്കത്തിന് കിലോഗ്രാമിന് ₹ 95/- നിരക്കിലാണ് വില നിർണ്ണയിച്ചിട്ടുള്ളത്. അതിനാൽ അനുവദിച്ച സബ്സിഡി, മാർഗ്ഗരേഖക്ക് അനുസൃതമാണോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ സൊസൈറ്റിക്ക് നൽകിയ തുകയുടെ കൃത്യതയും കണക്കാക്കുവാൻ സാധിച്ചില്ല.

2. പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി പദ്ധതിക്കായി വിനിയോഗിച്ച ₹ 8,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 വെറ്റിനറി സർജൻ പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്റിനറി സർജൻ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കർഷകർക്കായി പ്രധാനമായും രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ.) പട്ടികവർഗ്ഗ കർഷകർക്ക് പശു വിതരണം(പദ്ധതി നം .79/17)

തുക(വികസന ഫണ്ട് - എസ്.സി.പി) - ₹ 40,000 /- ;

ബിൽ നം. - 1801211 ; തിയതി : 31.03.17

ഗുണഭോക്തൃവിഹിതം* - ₹ 20,000 /-

(*ചെക്ക് നം. - 476019 /30.03.17 പ്രകാരം ₹ 20,000/- രൂപ )

പദ്ധതിയിൽ നിന്നും രണ്ട് ഗുണഭോക്താക്കൾക്കാണ് സഹായം നൽകിയിട്ടുള്ളത്.

1. ശ്രീ.രവി.കെ.കെ, കരിമുണ്ടക്കയം, അമ്പത്താറ് തട്ട് കോളനി

2. ശ്രീമതി.ശാന്ത രവി, പാപ്പിനിവീട്ടിൽ,വായിക്കാനം

ഇതിൽ ശ്രീമതി.ശാന്ത രവി എന്നവർ ആരുടെ ഉടമസ്ഥതയിൽ നിന്നാണ് പശുവിനെ വാങ്ങിയത്, പശുവിന്റെ വിലയെത്ര, തുക ഏത് അക്കൗണ്ടിലേക്കാണ് നൽകിയത് തുടങ്ങിയ ചെലവ് വിവരങ്ങൾ ലഭ്യമല്ല. പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങളും, ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി ചമച്ച കരാറും പരിശോധനക്ക് ലഭ്യമാക്കിയില്ല. അതിനാൽ മേൽപറഞ്ഞ രേഖകൾ സമർപ്പിക്കുന്നതുവരെ, ഈ ഗുണഭോക്താവിനായി ചെലവഴിച്ച, ₹ 30,000/- (20,000 + 10,000 (ഗുണ.വിഹിതം)) യുടെ ചെലവ് തടസ്സപ്പടുത്തുന്നു.

ബി.)പട്ടികവർഗ്ഗ വിഭാഗത്തിന് ആട് വളർത്തൽ (പദ്ധതി നം .82/17)

തുക(വികസന ഫണ്ട് - എസ്.സി.പി) - ₹ 28,000 /- ;

ബിൽ നം. - 1801210 ; തിയതി : 31.03.17

ഗുണഭോക്തൃവിഹിതം* - ₹ 9,000 /-

(*ചെക്ക് നം. - 476019 /30.03.17 പ്രകാരം ₹ 9,000/- രൂപ )

മേൽപറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് ഗുണഭോക്താക്കൾക്കാണ് സഹായം നൽകിയിട്ടുള്ളത്.

1. വെള്ളച്ചി പാല, പാപ്പിനിവീട്ടിൽ

2. ലക്ഷ്മി കുഞ്ഞിരാമൻ, പേരടുക്കത്ത്

എന്നാൽ പദ്ധതി രേഖ, ബിൽ, ചെലവിന്റെ വിശദാംശങ്ങൾ, ഇൻഷുറൻസ്, ഫോട്ടോ, കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. അതിനാൽ മേൽപറഞ്ഞ രേഖകൾ സമർപ്പിക്കുന്നതുവരെ, ഈ പദ്ധതിക്കായി ചെലവഴിച്ച ,₹ 37,000/- (28,000 + 9,000 (ഗുണ.വിഹിതം)) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി.) ഈ രണ്ട് പദ്ധതികളുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന അപാകത

ഇവയുടെ ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകരിച്ചത് 22 .02 .17 ന് മാത്രമാണ്. മാർച്ച് മാസം പകുതിക്ക് ശേഷമാണ് പട്ടിക ലഭിച്ചതെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. പദ്ധതിയുടെ നിർവഹണത്തിനായി വളരെ കുറച്ച് സമയം മാത്രമേ നിർവഹണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടുള്ളൂ. അതിനാൽ യഥാസമയം ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് നൽകുന്നതിന് ഭരണസമിതി അങ്ങേയറ്റം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-10 കാഷ്ബുക്കിൽ എല്ലാ വിധ വരവ്-ചെലവുകളും ഉൾപ്പെടുത്തുന്നില്ല.

2016-17 വർഷത്തിലെ വെറ്റിനറി സർജന്റെ കാഷ്ബുക്ക് പരിശോധിച്ചപ്പോൾ , ട്രഷറി ബിൽബുക്ക് പ്രകാരം മാറുന്ന തുകകൾ മാത്രമേ ഇതിൽ ചേർക്കുന്നതായി കാണുന്നുള്ളൂ. ഗുണഭോക്തൃവിഹിതം പിരിക്കുന്നതുൾപ്പടെയുള്ള മറ്റ് വരവ്,ചെലവുകളൊന്നും തന്നെ കാഷ്ബുക്കിൽ ചേർക്കുന്നില്ല.അതിനാൽ എല്ലാവിധ വരവ്, ചെലവുകളും ഉൾപ്പെടുത്തി കാഷ്ബുക്ക് കാലികവും പ്രസക്തവുമാക്കേണ്ടതാണ്.

## 3-11 പൊതുമരാമത്ത് പ്രവൃത്തികളിലെ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത സേവന നികുതി സംബന്ധിച്ച്

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം നടപ്പിലാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കിയ 1,05,395 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ (അസിസ്റ്റന്റ് എഞ്ചിനീയർ) പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ. വെള്ളരിക്കുണ്ട് ശാഖയിലുള്ള 67374269811 നമ്പർ അക്കൗണ്ട്) സൂക്ഷിച്ചിരിക്കുകയാണ്. സർവ്വീസ് ടാക്സ് ഈടാക്കുന്നത് സംബന്ധിച്ചും ആയതിന്റെ ഒടുക്ക് സംബന്ധിച്ചും വ്യക്തമായ സർക്കാർ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ഇതു സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിനോടും ചീഫ് എഞ്ചിനിയറോടും അഭ്യർത്ഥിക്കാവുന്നതാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സർവ്വീസ് ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സേവന നികുതി |
|---|---|---|
| 1 | അരിയിരുത്തി വെറ്റിനറി സെന്റർ മെയിന്റനൻസ് | 8,298 |
| 2 | പഴയ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | 12,316 |
| 3 | കമ്പല്ലൂർ -അംഗനവാടി റിപ്പയർ | 9,213 |
| 4 | തോട്ടംചാൽ- അംഗനവാടി റിപ്പയർ | 9,047 |
| 5 | കടുമേനി -വയോജന വിശ്രമകേന്ദ്രം-വൈദ്യുതീകരണം | 2,824 |
| 6 | കുടുംബശ്രീ വിപണനകേന്ദ്രം- വൈദ്യുതീകരണം | 2,782 |
| 7 | വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം | 10,356 |
| 8 | നിരത്തുംതട്ട് എസ്.റ്റി. കോളനി വൈദ്യുതീകരണം | 1,854 |
| 9 | കണ്ണിവയൽ ജി.യു.പി.എസ്.ഓഡിറ്റോറിയം- അഡീഷനൽ വർക്ക് | 27,984 |
| 10 | കണ്ണിവയൽ ജി.യു.പി.എസ്. സ്മാർട്ട് ക്ലാസ്സ് റൂം- ടൈലിങ് | 9,214 |
| 11 | കടുമേനി കുടുംബശ്രീ ഉപകേന്ദ്രം മെയിന്റനൻസ് | 4,606 |

| | | |
|---|---|---|
| 12 | കണ്ണിവയൽ ജി.യു.പി.എസ്. & ഹോമിയോ ആശുപത്രി എന്നിവക്ക് കമാനം നിർമ്മാണം | 6,901 |
| | | 1,05,395 |

## 3-12 മുൻകൂർ തുക സ്ഥാപനത്തിന് നൽകിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല .

പ്രൊജക്ട് നമ്പർ -പേര് - 128 / 2017 - പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ .

ബിൽ നമ്പർ , തീയതി , തുക -

01 / 16-17 – 29.12.2016 – 3,00,000.

04/ 16-17 - 31.03.2017 -3,50,000

ആകെ - 6,50,000

എ.)നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , പി.എച്ച്.സി.
ഗ്രാമ പഞ്ചായത്തിലെ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങുതിനായി കേരള മെഡിക്കൽ വസർവീസസ് കോപ്പറേഷന് 6,50,000 / രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ബി.)ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
നിർവഹണം – മെഡിക്കൽ ഓഫീസർ, ആയുർവേദം

ബിൽ നം.01/16-17,തിയതി–16.11.16 പ്രകാരം ₹ 4,00,000/-രൂപ, മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട്.ഓഡിറ്റ് തിയതിവരെ ₹3,90,593/-രൂപയ്ക്കുള്ള മരുന്നുകളേ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന തുകയായ ₹ 9,407/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധ) നം 565/10 തസ്വഭവ തി. 22-02-2010 | 93,30,000 | 35,10,713 | 1,00,000 | - | 34,10,713 |
| പഞ്ചായത്ത് ബസ്സ്റ്റാന്റ് &ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാ ണം (KURDFC) | സ.ഉ (സാധ) നം 3007/14 തസ്വഭവ തി. 19-11-2014 | 30,12,937 | 30,12,937 | 3,22,815 | 3,21,929/- | 26,90,122 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,517 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3(4)1 | 3,655 | ശ്രീ.മോഹനൻ.പി.വി, അസി.എഞ്ചിനിയർ | 11601102768/ 19-01-2017 |
| 2015-16 | 2-(1) | 2,210 | ശ്രീ.ചന്ദ്രശേഖരൻ, സെക്രട്ടറി | 11601102728/ 17-01.2017 |
| 2015-16 | 3(4)2 | 2,652 | ശ്രീ.മോഹനൻ.പി.വി, അസി.എഞ്ചിനിയർ | Chalan.No-nil തിയതി 20-1-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,41,43,542 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,15,92,982 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 1,022 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹25,44,710 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 872 | ഇല്ല | ശ്രീ.ജോസഫ്.എം.ചാക്കോ,സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| 2-9 | 150 | ഇല്ല | ശ്രീ.ജോസഫ്.എം.ചാക്കോ,സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,36,750 | ശ്രീ.കെ.ജി.ബിജുകുമാർ,വി.ഇ.ഓ.ചിറ്റാരിക്കാൽ |
| 3-2 | 1,28,000 | ശ്രീമതി..അർച്ചന.യു.എസ്,കൃഷി ഓഫീസർ |
| 3-4 | 2,48,000 | ശ്രീ.ദാമോദരൻ.പി,ഹെഡ്മാസ്റ്റർ |
| 3-7 | 64,960 | ശ്രീ.പി.എം.ജോസഫ്, വെറ്റിനറി സർജൻ |
| 3-8 | 8,00,000 | ശ്രീ.പി.എം.ജോസഫ്, വെറ്റിനറി സർജൻ |
| 3-9(എ) | 30,000 | ശ്രീ.പി.എം.ജോസഫ്, വെറ്റിനറി സർജൻ |
| 3-9(ബി) | 37,000 | ശ്രീ.പി.എം.ജോസഫ്, വെറ്റിനറി സർജൻ |
| ആകെ | 25,44,710 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസഫ്.എം.ചാക്കോ, സെക്രട്ടറി | സെക്രട്ടറി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | മുട്ടത്ത് (വീട്), കുറിഞ്ഞി , പനത്തടി . പി.ഒ, കാസറഗോഡ് ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.കെ.എസ്.ഡി 5/198/03 തീയ്യതി. 19-03-03 | 5 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/663/99 തീയ്യതി. 03-04-2000 | 15 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 5/34/2001 തീയ്യതി.12-04-2002 | 35 |
| 1999-00 plan | എൽ.എഫ്.കെ.എസ്.ഡി 5/276/2004 തീയ്യതി. 07-05-2005 | 7 |
| 1990-91 to1995-96 | എൽ.എഫ്.കെ.എസ്.ഡി 4/474/2005 തീയ്യതി. 08-08-2005 | 2 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 4/621/2005 തീയ്യതി. 09-05-2007 | 7 |
| 2001-02-plan | എൽ.എഫ്.കെ.എസ്.ഡി 4/277/2004 തീയ്യതി .07-05-2005 | 3 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 3/914/2007 തീയ്യതി. 22-09-2009 | 5 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 3/915/2007 തീയ്യതി .17-05-2010 | 12 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 3/916/2007 തീയ്യതി. 03-06-2010 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 3/16/2010 തീയ്യതി. 04-05-2010 | 10 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 3/17/2010 തീയ്യതി. 05-05-2011 | 9 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 3/136/2012 തീയ്യതി .12-02-2013 | 9 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 3/137/2012 തീയ്യതി .07-02-2013 | 14 |
| 2008-09 to 2009-10 | എൽ.എഫ്.കെ.എസ്.ഡി 7/491/2014 തീയ്യതി 17-04-2015 | 19 |
| 2010-11 to 2011-12 | എൽ.എഫ്.കെ.എസ്.ഡി 10/4/2016 തീയ്യതി. 15-03-2016 | 9 |
| 2012-13 & 2013-14 | എൽ.എഫ്.കെ.എസ്.ഡി 10/ 856/2016 തീയ്യതി. 19-08-2016 | 10 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി 10/ 772/16 തീയ്യതി. 16-03-2017 | 12 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി 10/ 77/17 തീയ്യതി. 30-01-2017 | 13 |

തീർപ്പാക്കാൻ അവശേഷിക്കന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി-10/831/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ് – 671123

E-mail:- doksd.ksad@kerala.gov.in

തീയതി.17.07.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/10/831/2017

Kerala State Audit Department
District Audit Office,Kasaragod – 671123
E-mail:- doksd.ksad@kerala.gov.in

Dated:17.07.2017

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of East Eleri Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of East Eleri Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod